**അനുബന്ധം II**

# സംസ്ഥാന ഡീലിമിറ്റേഷൻ കമ്മിഷൻ, കേരളം

## മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകളിലെ വാർഡുകളുടെ പുനർവിഭജനവും അതിർത്തി നിശ്ചയിക്കലും : മാർഗ്ഗ നിർദ്ദേശങ്ങൾ

**പ്രാരംഭം :** 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 6-ാം വകുപ്പ് പ്രകാരം ഒരു മുനിസിപ്പാലിറ്റിക്ക് ഇരുപതിനായിരം ജനസംഖ്യവരെ 26 കൗൺസിലർമാരും പരമാവധി 53 എന്ന വ്യവസ്ഥയ്ക്കു വിധേയമായി, ഇരുപതിനായിരത്തിൽ കൂടുതലുള്ള ഓരോ 2500 ജനസംഖ്യയ്ക്ക് ഒരു അധിക കൗൺസിലർ വീതവും ഒരു മുനിസിപ്പൽ കോർപ്പറേഷന് നാലു ലക്ഷം ജനസംഖ്യവരെ 56 കൗൺസിലർമാരും, പരമാവധി 101 എന്ന വ്യവസ്ഥയ്ക്കു വിധേയമായി, നാലു ലക്ഷത്തിൽകൂടുതലുള്ള ഓരോ പതിനായിരം ജനസംഖ്യയ്ക്ക് ഒരു അധിക കൗൺസിലർ വീതവും ആകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ അനുസരിച്ച് മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലെ വാർഡുകളുടെ എണ്ണം നിശ്ചയിച്ചുകൊണ്ട് സർക്കാർ 26.2.2020തീയതിയിലെ സ.ഉ.(അച്ചടി) 20/2020/തസ്വഭവ നമ്പരായി ഗസറ്റ് വിജ്ഞാപനം (27.2.2020 ലെ 678-ാം നമ്പർ അസാധാരണ ഗസറ്റായി പ്രസിദ്ധപ്പെടുത്തിയ SRO No.155/2020) പുറപ്പെടുവിച്ചിട്ടുണ്ട്. 2011 ലെ സെൻസസ് ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് വാർഡുകളുടെ എണ്ണം നിശ്ചയിച്ചിരിക്കുന്നത്. കേരള മുനിസിപ്പാലിറ്റി ആക്ട് 69-ാം വകുപ്പ് അനുസരിച്ച് ഒരു മുനിസിപ്പാലിറ്റി/കോർപ്പറേഷന് നിശ്ചയിച്ചിരിക്കുന്ന വാർഡുകളുടെ എണ്ണം അനുസരിച്ച് ആ മുനിസിപ്പാലിറ്റി/കോർപ്പറേഷനെ വാർഡുകളായി വിഭജിക്കേണ്ടതും അവയുടെ അതിരുകൾ നിർണ്ണയിക്കേണ്ടതും സംസ്ഥാന ഡീലിമിറ്റേഷൻ കമ്മിഷൻ ആണ്. സർക്കാർ വിജ്ഞാപന പ്രകാരം **വാർഡുകളുടെ എണ്ണത്തിൽ വ്യത്യാസം വന്നിട്ടുള്ള മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളുടെ** നിലവിലുള്ള വാർഡുകളെ ഡീലിമിറ്റേഷൻ കമ്മിഷൻ പുനർവിഭജനം നടത്തുന്നതാണ്. വാർഡ് വിഭജന പ്രൊപ്പോസൽ തയ്യാറാക്കി കമ്മിഷന് സമർപ്പിക്കുന്നതിന് അതാത് ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നു. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർ അതാത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് കരട് പ്രൊപ്പോസൽ തയ്യാറാക്കി നൽകേണ്ടതാണ്. സെക്രട്ടറിമാർ സത്യസന്ധമായും നിഷ്പക്ഷമായും സുതാര്യമായും കമ്മിഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചും ഈ കൃത്യം നിർവ്വഹിക്കേണ്ടതാണ്. ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച് ഡീലിമിറ്റേഷൻ കമ്മിഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമാണെന്ന് ഉറപ്പു വരുത്തി കമ്മിഷന് സമർപ്പിക്കേണ്ടതാണ്. കമ്മിഷൻ ആയത് പരിശോധിച്ച് അതിർത്തി നിർണ്ണയിച്ചുകൊണ്ടുള്ള കരട് വിജ്ഞാപനം പൊതുജനങ്ങളിൽ നിന്നും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് പ്രസിദ്ധീകരിക്കുന്നതാണ്. കരട് വിജ്ഞാപനം പൊതുജനങ്ങൾക്കും രാഷ്ട്രീയ പാർട്ടികൾക്കും ലഭ്യമാക്കുന്നതിനും വിപുലമായ

പ്രസിദ്ധീകരണത്തിനും ക്രമീകരണങ്ങൾ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ചെയ്യേണ്ടതാണ്. കമ്മിഷൻ മുമ്പാകെ സമർപ്പിക്കേണ്ട ആക്ഷേപമോ, അഭിപ്രായമോ കമ്മിഷൻ സെക്രട്ടറി മുമ്പാകെ നേരിട്ടോ, രജിസ്റ്റർ ചെയ്ത തപാൽ മുഖേനയോ, കമ്മിഷൻ ഇതിലേക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുമ്പാകെ നേരിട്ടോ, രജിസ്റ്റർ ചെയ്ത തപാൽ മാർഗ്ഗമോ നൽകേണ്ടതാണ്. അപ്രകാരം നൽകുന്നവയോടൊപ്പം ഏതെങ്കിലും രേഖകൾ ഹാജരാക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകേണ്ടതാണ്. ആക്ഷേപങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, കമ്മിഷന്റെ അംഗീകാരത്തോടെ അനുയോജ്യരായ ഉദ്യോഗസ്ഥർ മുഖേന അന്വേഷണ വിധേയമാക്കിയും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും അതിന്മേലുള്ള അന്വേഷണ/പരിശോധനാ റിപ്പോർട്ട് വ്യക്തമായ അഭിപ്രായക്കുറിപ്പ് സഹിതം കമ്മിഷന് സമർപ്പിക്കേണ്ടതുമാണ്. ഡീലിമിറ്റേഷൻ കമ്മിഷൻ, പരാതികളും അവയിന്മേലുള്ള അന്വേഷണ/പരിശോധന റിപ്പോർട്ടുകളും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ അഭിപ്രായക്കുറിപ്പും പരിശോധിക്കുന്നതും യുക്തമെന്നു തോന്നുന്ന പക്ഷം ആക്ഷേപം നൽകിയ ആളിനെയോ, അഭിപ്രായം നൽകിയ ആളിനെയോ നേരിൽ കേട്ട് എല്ലാ വസ്തുതകളും വിശദമായി വിലയിരുത്തിയശേഷം വാർഡ് വിഭജനം സംബന്ധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**2. മാനദണ്ഡങ്ങൾ :** മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളെ വാർഡുകളായി വിഭജിക്കുന്ന തിനും അവയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനും വ്യക്തമായ മാനദണ്ഡങ്ങൾ ഇന്ത്യൻ ഭരണഘടനയിലും 1994 ലെ മുനിസിപ്പാലിറ്റി ആക്ടിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭരണഘടനയിലെ 243–റ്റി അനുച്ഛേദം അനുസരിച്ച് ഒരു മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ ഒരു വാർഡിലെ ജനസംഖ്യ കഴിയുന്നതും ആ മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ മറ്റ ഓരോ വാർഡിലേയും ജനസംഖ്യയോട് തുല്യമായിരിക്കണം. അതായത് ഒരു മുനിസിപ്പാലിറ്റി/കോർപ്പറേഷനിന്റെ ജനസംഖ്യയെ ആ മുനിസിപ്പാലിറ്റി/കോർപ്പറേഷനിന്റെ ആകെ വാർഡുകളുടെ എണ്ണം കൊണ്ട് ഹരിച്ച് കിട്ടുന്നതായിരിക്കണം ആ മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ ഓരോ വാർഡുകളുടേയും ജനസംഖ്യ.

പുനർവിഭജനം നടത്തുമ്പോൾ വാർഡുകളുടെ അതിരുകൾ കഴിയുന്നിടത്തോളം പ്രകൃത്യാലുള്ളവ ആയിരിക്കണം. നദി, പുഴ, തോട്, കായൽ തുടങ്ങി പ്രകൃതിദത്തങ്ങളായ അതിരുകൾക്ക് പുറമേ, റോഡ്, നടപ്പാത, ചെറുവഴികൾ, റെയിൽവേലൈൻ, പൊതു സ്ഥാപനങ്ങൾ തുടങ്ങി വ്യക്തമായി തിരിച്ചറിയാവുന്നവയും അതിരുകളായി കണക്കാക്കാവുന്നതാണ്. പ്രകൃത്യാലുള്ള അതിരുകൾ നിശ്ചയിക്കുന്നതിനായി ഒരു വാർഡിന്റെ ശരാശരി ജനസംഖ്യയിൽ നേരിയതോതിലുള്ള വ്യത്യാസം അനുവദനീയമാണ്. എന്നാൽ

അങ്ങനെ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നത് യാതൊരു കാരണവശാലും ശരാശരി ജനസംഖ്യയുടെ പത്ത് ശതമാനത്തിൽ കവിയാൻ പാടില്ല. ഏതെങ്കിലും പ്രത്യേകസാഹചര്യത്തിൽ മേൽപ്പറഞ്ഞ നിബന്ധന പാലിക്കാൻ കഴിയാത്തപക്ഷം അതിനുള്ള മതിയായ കാരണങ്ങൾ കമ്മിഷനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ ജനസാന്ദ്രതയും ഭൂമിശാസ്ത്രപരമായ കിടപ്പും കണക്കിലെടുത്ത് ഓരോ വാർഡിൻറേയും ആകൃതിയും വലിപ്പവും നിശ്ചയിക്കേണ്ടതാണ്. വാർഡിന്റെ അതിരുകൾ അകാരണമായി വളച്ചൊടിക്കാൻ പാടില്ല. സമ്മതിദായകരുടെ യാത്രാസൗകര്യം, വാർത്താവിനിമയ സൗകര്യം, പോളിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സൗകര്യം തുടങ്ങിയവയും കണക്കിലെടുക്കണം. വാർഡു വിഭജനം നഗരസഭയുടെ വടക്കു പടിഞ്ഞാറു ദിക്കിൽ നിന്നും തുടങ്ങണം. വടക്കു പടിഞ്ഞാറു നിന്നു തുടങ്ങി ക്ലോക്ക് വൈസായി വലത്തേക്കായിരിക്കണം മറ്റു വാർഡുകളുടെ രൂപീകരണം. അതായത് ഒന്നാമത്തെ വാർഡ് നഗരസഭയുടെ വടക്കു പടിഞ്ഞാറുള്ളതായിരിക്കണം. രണ്ട്, മൂന്ന് തുടങ്ങി മറ്റു വാർഡുകൾ ഒന്നാം വാർഡിന്റെ വലതുഭാഗത്തായി ചുറ്റിവരേണ്ടതും അവസാന വാർഡിന്റെ അതിര് ഒന്നാം വാർഡിന്റെ അതിരുമായി ചേർന്നു വരേണ്ടതുമാണ്.

വാർഡിനു നമ്പർ നൽകുന്നതിനുപുറമേ, പേരും നൽകേണ്ടതാണ്.. വാർഡ് ഉൾക്കൊള്ളുന്ന ചെറുപ്രദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും പരക്കെ അറിയപ്പെടുന്നതുമായ പ്രദേശത്തിന്റെ പേരാണ് വാർഡിന് നൽകേണ്ടത്. എന്നാൽ ഏതെങ്കിലും വീടിന്റെയോ, കുടുംബത്തിന്റെയോ, മതസ്ഥാപനങ്ങളുടെയോ പേര് നൽകാൻ പാടില്ലാത്തതുമാണ്.

വാർഡ് വിഭജനം സംബന്ധിച്ച മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദീകരിക്കുന്നതിനായി നഗരസഭാ സെക്രട്ടറിമാർക്കായി ഒരു പരിശീലന പരിപാടി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സംഘടിപ്പിക്കേണ്ടതാണ്.

**3. നിർദ്ദിഷ്ട വാർഡിലെ ജനസംഖ്യ തിട്ടപ്പെടുത്തുന്ന വിധം:** വാർഡ് വിഭജനത്തിന്റെ അടിസ്ഥാന മാനദണ്ഡം ജനസംഖ്യയാണ്. 2011 ലെ സെൻസസ് റിപ്പോർട്ട് പ്രകാരമുള്ള ജനസംഖ്യയുടെ കണക്കുകളാണ് ഇപ്പോൾ നിലവിലുള്ളത്. പ്രസ്തുത ജനസംഖ്യയെ നഗരസഭയിലെ ആകെ വാസഗൃഹങ്ങളുടെ എണ്ണം കൊണ്ട് ഹരിച്ച് ഒരു വീട്ടിലെ ശരാശരി ആളുകളുടെ എണ്ണം കണ്ടെത്തണം. ഇങ്ങനെ കണ്ടെത്തുന്ന സംഖ്യ കൊണ്ട് നിർദ്ദിഷ്ട വാർഡിൽ ഉൾപ്പെടുന്ന വാസഗൃഹങ്ങളുടെ എണ്ണത്തെ ഗുണിച്ചാൽ കിട്ടുന്നതായിരിക്കും ആ വാർഡിലെ ജനസംഖ്യ. വാസഗൃഹങ്ങളുടെ എണ്ണം വസ്തുനികുതി നിർണ്ണയത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും നഗരസഭകളിൽ ഉപയോഗിച്ചു വരുന്ന സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾക്ക് അനുസൃതമായിരിക്കേണ്ടതാണ്. നിർദ്ദിഷ്ട വാർഡുകളിലെ തിട്ടപ്പെടുത്തിയ ജനസംഖ്യ

കണക്കാക്കുന്ന വിധം അനുബന്ധം 6 ൽ ചേർത്തിട്ടുണ്ട്

**4. നടപടിക്രമം :** വാർഡു വിഭജനത്തിന്റെ അടിസ്ഥാന മാനദണ്ഡം ജനസംഖ്യയാണ്. മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ 2011 ലെ സെൻസസ് റിപ്പോർട്ട് പ്രകാരമുള്ള ജനസംഖ്യയുടെ കണക്കുകൾ ഇപ്പോൾ ലഭ്യമാണ്. പുനർവിഭജിക്കപ്പെട്ട ഒരു വാർഡിൽ, ആ വാർഡിന്റെ അതിരുകൾക്കുള്ളിൽ വരുന്ന എല്ലാ കെട്ടിടങ്ങളുടേയും കെട്ടിട നമ്പർ കൂടി സെക്രട്ടറിമാർ തയ്യാറാക്കുന്ന കരട് വിഭജന റിപ്പോർട്ടിൽ കാണിച്ചിരിക്കണം. അതായത്, നിലവിലുള്ള ........ നമ്പർ വാർഡിലെ ........ നമ്പർ മുതൽ ....... നമ്പർ വരെയുള്ള കെട്ടിടങ്ങളും എന്നിങ്ങനെ പ്രത്യേകം എഴുതി ചേർക്കണം. ഉദാഹരണത്തിന് നിലവിലുള്ള 2-ാം വാർഡിലെ 37 മുതൽ 187 വരെയും 3-ാം വാർഡിലെ 8 മുതൽ 244 വരെയും ഉള്ള 388 കെട്ടിടങ്ങളും എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ കരട് വിഭജന നിർദ്ദേശങ്ങളിൽ നിർദ്ദിഷ്ട വാർഡുകളുടെ അതിരുകൾ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

നിർദ്ദിഷ്ട വാർഡുകളുടെ അതിരുകൾ വടക്ക്, കിഴക്ക്, തെക്ക്, പടിഞ്ഞാറ് എന്നിങ്ങനെ തുടർച്ചയായി രേഖപ്പെടുത്തേണ്ടതാണ്.

മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർ വാർഡുവിഭജന റിപ്പോർട്ടിനോടൊപ്പം മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ പൊതുവിലുള്ള അടിസ്ഥാന വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു റിപ്പോർട്ടു കൂടി അനുബന്ധം 1 ലെ മാതൃകയിൽ തയ്യാറാക്കണം.

കരട് വാർഡുവിഭജന റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ ഓരോ വാർഡിനെ സംബന്ധിച്ചും അനുബന്ധം 2 പ്രകാരമുള്ള ഒരു റിപ്പോർട്ടു കൂടി തയ്യാറാക്കണം.

നിലവിലുള്ള വാർഡുകൾ കാണിക്കുന്നതും ഡീലിമിറ്റേഷൻ കമ്മിഷൻ അംഗീകരിച്ചതുമായ നഗരസഭയുടെ ഭൂപടം, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷന്റെ നിർദ്ദേശാനുസരണം തയ്യാറാക്കി അംഗീകരിച്ച ഭൂപടം, നിർദ്ദിഷ്ട വാർഡുകൾ കാണിക്കുന്ന മറ്റൊരു ഭൂപടം എന്നിവ റിപ്പോർട്ടിനോടൊപ്പം ചേർത്തിരിക്കണം. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷന്റെ നിർദ്ദേശാനുസരണം തയ്യാറാക്കി അംഗീകരിച്ച ഭൂപടത്തിന്റെ അടിസ്ഥാനത്തിലാണ് നിർദ്ദിഷ്ട വാർഡുകളുടെ അതിരുകൾ വ്യക്തമാക്കുന്ന ഭൂപടം തയ്യാറാക്കേണ്ടത്. ഭൂപടങ്ങൾ മുനിസിപ്പാലിറ്റികൾ എ2 സൈസ് പേപ്പറിലും കോർപ്പറേഷനുകൾ എ1 സൈസ് പേപ്പറിലുമാണ് തയ്യാറാക്കേണ്ടത്.

നിർദ്ദിഷ്ട വാർഡുകളെക്കുറിച്ചുള്ള റിപ്പോർട്ട് വാർഡുകളുടെ ക്രമനമ്പരുകൾ അനുസരിച്ചുവേണം തയ്യാറാക്കാൻ. 1, 2, 3 എന്നിങ്ങനെയുള്ള ക്രമത്തിൽ റിപ്പോർട്ട് വാർഡുകളുടെ ഭൂപടങ്ങൾ ഉൾപ്പടെ എ4 സൈസിലുള്ള പേപ്പറിൽ ആയിരിക്കണം തയ്യാറാക്കേണ്ടത്.

മേൽ വിവരിച്ച റിപ്പോർട്ടുകളോടൊപ്പം അനുബന്ധം 3 പ്രകാരമുള്ള ഒരു സർട്ടിഫിക്കറ്റും അനുബന്ധം 4 പ്രകാരമുള്ള പട്ടികയും അനുബന്ധം 5 പ്രകാരം നിലവിലുള്ള കെട്ടിടങ്ങളെ നിർദ്ദിഷ്ട വാർഡുകളിൽ ഉൾപ്പെടുത്തിയതു സംബന്ധിച്ച പട്ടികയുംകൂടി ഉൾക്കൊള്ളിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ റിപ്പോർട്ടുകളുമായി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നിശ്ചയിക്കുന്ന സമയത്തും സ്ഥലത്തും സെക്രട്ടറിമാർ ഹാജരാകേണ്ടതാണ്. ഓരോ ദിവസവും ഹാജരാകേണ്ട സെക്രട്ടറിമാർ ഏതെല്ലാം നഗരസഭയുടേതാണെന്ന് പരിശീലന ദിവസം തന്നെ നിശ്ചയിക്കാവുന്നതും ആ വിവരം അവരെ നേരിട്ട് അറിയിക്കാവുന്നതുമാണ്. സെക്രട്ടറിമാർ റിപ്പോർട്ട് നൽകുന്ന സമയത്ത് അവരുടെ സാന്നിദ്ധ്യത്തിൽ തന്നെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരോ റിപ്പോർട്ട് പരിശോധിച്ച് പോരായ്മകളുണ്ടെങ്കിൽ പരിഹരിക്കാൻ മതിയായ നിർദ്ദേശം നൽകേണ്ടതും പോരായ്മകൾ പരിഹരിച്ച് അടുത്ത ദിവസം തന്നെ സെക്രട്ടറിമാർ ഹാജരാക്കേണ്ടതുമാണ്. പരിശോധനകൾക്കുശേഷം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കരട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഡീലിമിറ്റേഷൻ കമ്മിഷന് സമർപ്പിക്കേണ്ടതും കമ്മിഷൻ അവ പരിശോധിച്ച് കരട് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

കരട് വാർഡ് വിഭജന നിർദ്ദേശങ്ങൾ മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ നോട്ടീസ് ബോർഡിലും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് ഉൾപ്പെടുന്ന വാർഡ് കേന്ദ്രങ്ങൾ, വില്ലേജ് ആഫീസുകൾ, വായനശാലകൾ, റേഷൻകടകൾ, മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ വാർത്താ ബോർഡുകൾ പൊതുപ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ദേശീയതലത്തിലും സംസ്ഥാന തലത്തിലും അംഗീകാരമുള്ള രാഷ്ട്രീയ പാർട്ടികളുടേയും സംസ്ഥാന നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടേയും മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല സമിതികൾക്ക് കരട് വിഭജന നിർദ്ദേശങ്ങളുടെ മൂന്നു കോപ്പികൾ വീതം വില ഈടാക്കാതെ നൽകേണ്ടതാണ്. മറ്റാരെങ്കിലും ആവശ്യപ്പെടുന്ന പക്ഷം ഫോട്ടോ കോപ്പിക്കുള്ള നിരക്ക് ഈടാക്കിക്കൊണ്ട് പകപ്പുകൾ നൽകാവുന്നതാണ്. ജില്ലാ ഇൻഫർമേഷൻ ആഫീസിൽ ജില്ലയിലെ എല്ലാ മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളുടേയും കരട് നിർദ്ദേശങ്ങളുടെ പകർപ്പ് ആവശ്യക്കാരുടെ റഫറൻസിനായി സൂക്ഷിക്കേണ്ടതാണ്. കരട് വിജ്ഞാപനത്തിന്റെ പകർപ്പ് ജില്ലാ ഇൻഫർമേഷൻ ആഫീസിൽ ലഭ്യമാക്കേണ്ടത് ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ഇപ്രകാരം പ്രസിദ്ധപ്പെടുത്തിയ വിവരം ഡീലിമിറ്റേഷൻ കമ്മിഷനെ രേഖാമൂലം അറിയിക്കേണ്ടതാണ്. മറ്റു സ്ഥലങ്ങളിൽ കരട് വിഭജന നിർദ്ദേശങ്ങൾ പ്രസിദ്ധപ്പെടുത്താനും, പകർപ്പുകൾ നൽകാനും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാരെ ചുമതലപ്പെടുത്തേണ്ടതാണ്.

**5. പരാതികളും അഭിപ്രായങ്ങളും :** മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളുടെ വാർഡ് വിഭജന കരട് നിർദ്ദേശങ്ങളെക്കുറിച്ചുള്ള ആക്ഷേപങ്ങളോ പരാതികളോ അഭിപ്രായങ്ങളോ ഡീലിമിറ്റേഷൻ കമ്മിഷൻ സെക്രട്ടറിക്കോ ബന്ധപ്പെട്ട ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനോ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ അവ നൽകിയിരിക്കണമെന്ന

അറിയിപ്പ് പൊതുജനങ്ങൾക്ക് നൽകേണ്ടതാണ്. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന പരാതികൾ ഒരു കാരണവശാലും സ്വീകരിക്കേണ്ടതില്ല.

**6. പരാതികളിന്മേലുള്ള അന്വേഷണം:** ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് നേരിട്ട് ലഭിക്കുന്നതും കമ്മിഷനിൽ നിന്ന് അയച്ചുകിട്ടുന്നതുമായ ആക്ഷേപങ്ങളും പരാതികളും അഭിപ്രായങ്ങളും അന്വേഷിക്കുന്നതിനും പരിശോധന നടത്തുന്നതിനും അനുയോജ്യരായ ഉദ്യോഗസ്ഥരെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

കരട് വിഭജന നിർദ്ദേശങ്ങളിന്മേൽ ലഭിക്കുന്ന ആക്ഷേപങ്ങളിലും പരാതികളിലും നിർദ്ദേശങ്ങളിലും അന്വേഷണ ഉദ്യോഗസ്ഥന്മാർ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിച്ച് പരിശോധിച്ച് അന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

(1). മുനിസിപ്പാലിറ്റി/കോർപ്പറേഷനേയും നിർദ്ദിഷ്ട വാർഡുകളേയും കുറിച്ച് സെക്രട്ടറി രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകൾ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ രേഖകളുമായി ഒത്തുനോക്കി ശരിയാണെന്നു ഉറപ്പ് വരുത്തുക.

(2). നിർദ്ദിഷ്ട വാർഡിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ജനസംഖ്യ ശരാശരി ജനസംഖ്യയിൽ നിന്നും വ്യതിചലിച്ചിട്ടുണ്ടെങ്കിൽ അതിനു നൽകിയിട്ടുള്ള കാരണത്തിന് മതിയായ ന്യായീകരണമുണ്ടോ.

(3). വാർഡു വിഭജനം വടക്കു പടിഞ്ഞാറു നിന്നുമാണോ തുടങ്ങിയിട്ടുള്ളത്.

(4). അതിരുകളെ സംബന്ധിച്ചു നൽകിയിട്ടുള്ള വിവരണം വസ്തുതകൾക്ക് നിരക്കുന്നതാണോ

(5). പരാതിയിൽ ഉന്നയിച്ചിട്ടുള്ള വസ്തുതകൾ വിശകലനം ചെയ്യുകയും അവയുടെ നിജസ്ഥിതി കണ്ടുപിടിക്കുകയും ചെയ്യുക.

(6). നേരിൽ സ്ഥലപരിശോധന നടത്തുക.

(7). നിർദ്ദിഷ്ട വാർഡിന്റെ ആകൃതിയും അതിരുകളും സംബന്ധിച്ച് മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും അതിരുകൾ അകാരണമായി വളച്ചൊടിച്ചിട്ടുണ്ടോ എന്നും

(8). വ്യക്തമായ ശുപാർശകൾ/അഭിപ്രായക്കുറിപ്പ്

അന്വേഷണവേളയിൽ അന്വേഷണ ഉദ്യോഗസ്ഥർ കഴിയുന്നതും പരാതിക്കാരിൽ നിന്നും വിവരശേഖരണം നടത്താൻ ശ്രമിക്കേണ്ടതാണ്.

കൂടാതെ പ്രസക്തമെന്ന് തോന്നുന്ന മറ്റു അനുബന്ധ വസ്തുതകളും വിശദമായി പരിശോധിച്ച് പരാതികളുടെ/ആക്ഷേപങ്ങളുടെ ന്യായാന്യായങ്ങളെ വിശകലനം ചെയ്ത് വ്യക്തമായ ശുപാർശകളോടുകൂടി വേണം അന്വേഷണ ഉദ്യോഗസ്ഥൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് റിപ്പോർട്ട് സമർപ്പിക്കേണ്ടത്. റിപ്പോർട്ട്, കമ്മിഷൻ നിർദ്ദേശിക്കുന്ന ഫാറത്തിൽ എ4 സൈസിലുള്ള പേപ്പറിലായിരിക്കണം.

യുക്തമെന്നു തോന്നുന്ന സംഗതികളിന്മേൽ മാത്രം ഡീലിമിറ്റേഷൻ കമ്മിഷൻ പരാതിക്കാരെ നേരിൽ കേൾക്കുന്നതാണ്. ഡീലിമിറ്റേഷൻ കമ്മിഷൻ പരാതിക്കാരെ നേരിൽ കേൾക്കുന്ന സമയത്ത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർ, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവർ ഹാജരുണ്ടായിരിക്കേണ്ടതാണ്.

**7. ഉത്തരവ് :** കമ്മിഷൻ പ്രസിദ്ധപ്പെടുത്തിയ കരട് വിജ്ഞാപനം, ലഭിച്ച പരാതികൾ, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, നേരിൽകേട്ട സമയത്ത് പരാതിക്കാർ വെളിപ്പെടുത്തിയ വിവരങ്ങൾ തുടങ്ങിയ വസ്തുതകൾ പഠിച്ചും വിശകലനം ചെയ്തും ആവശ്യമെങ്കിൽ നേരിട്ട് സ്ഥലപരിശോധന നടത്തിയും ഡീലിമിറ്റേഷൻ കമ്മിഷൻ മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ വാർഡ് വിഭജനം സംബന്ധിച്ച് യുക്തമായ തീരുമാനം കൈക്കൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഈ ഉത്തരവിന്റെ മൂന്ന് പകർപ്പുകൾ വീതം അംഗീകൃത രാഷ്ട്രീയ പാർട്ടികളുടേയും നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ കക്ഷികളുടേയും ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷൻതലത്തിലുള്ള കമ്മിറ്റികൾക്ക് സൗജന്യമായി നൽകുന്നതാണ്. മറ്റ് ആവശ്യക്കാർക്ക് ഫോട്ടോകോപ്പി എടുക്കുന്നതിനുള്ള നിരക്ക് ഈടാക്കിക്കൊണ്ട് നൽകുന്നതാണ്.

**8. സമയബന്ധിത പരിപാടി :** വാർഡു വിഭജന നടപടികളുടെ വിവിധ ഘട്ടങ്ങളിൽ കമ്മിഷനിൽ നിന്നുള്ള ഉദ്യോഗസ്ഥർ ജില്ലകളും, ആവശ്യമെന്ന് കാണുന്ന പക്ഷം മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളും സന്ദർശിക്കുന്നതും മതിയായ നിർദ്ദേശങ്ങൾ നൽകുന്നതുമാണ്. മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് എന്തെങ്കിലും വിശദീകരണമോ സംശയ നിവാരണമോ ആവശ്യമെങ്കിൽ കമ്മിഷനുമായി ബന്ധപ്പെടേണ്ടതാണ്.

| <u>പ്രോഗ്രാം</u> | <u>തീയതികൾ</u> |
|---|---|
| (1). സെക്രട്ടറിമാരുടെ ജില്ലാതല പരിശീലനം | 6.4.2020–7.4.2020 |
| (2). സെക്രട്ടറിമാർ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് കരട് വിഭജന നിർദ്ദേശത്തിന്റെ റിപ്പോർട്ട് സമർപ്പിക്കൽ | 22.4.2020 |
| (3) ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ കരട് നിർദ്ദേശം കമ്മിഷന് സമർപ്പിക്കൽ | 24.4.2020 |
| (4) വാർഡ് വിഭജന കരട് നിർദ്ദേശങ്ങൾ പ്രസിദ്ധപ്പെടുത്തൽ | 27.4.2020 |
| (5) ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കൽ | 8.05.2020വരെ |
| (6) പരാതികളിന്മേലുള്ള അന്വേഷണവും അന്വേഷണ റിപ്പോർട്ട് സമർപ്പിക്കലും | 18.5.2020 |

(7) അന്വേഷണ റിപ്പോർട്ട് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ കമ്മിഷന് സമർപ്പിക്കൽ 20.5.2020

പരാതിക്കാരെ നേരിൽ കേൾക്കുന്നതും അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതും സംബന്ധിച്ച സമയക്രമം പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

**അനുബന്ധം**

(1) മുനിസിപ്പാലിറ്റി/കോർപ്പറേഷനെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ

(2) മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ വാർഡു വിഭജന റിപ്പോർട്ട്

(3) സർട്ടിഫിക്കറ്റ്

(4) കരട് വിഭജന നിർദ്ദേശങ്ങൾ സംബന്ധിച്ച പട്ടിക

(5) നിലവിലുള്ള കെട്ടിടങ്ങളെ നിർദ്ദിഷ്ട വാർഡുകളിൽ ഉൾപ്പെടുത്തിയതു സംബന്ധിച്ച പട്ടിക

(6) നിർദ്ദിഷട വാർഡിലെ തിട്ടപ്പെടുത്തിയ ജനസംഖ്യ കണക്കാക്കുന്ന വിധം

(7) മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളുടെ വാർഡുകളുടെ എണ്ണം പുതുക്കി നിശ്ചയിച്ച കൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം.

തിരുവനന്തപുരം,

16.03.2020

സെക്രട്ടറി

സംസ്ഥാന ഡീലിമിറ്റേഷൻ കമ്മിഷൻ, കേരളം

## അനുബന്ധം – 1

## .........................മുനിസിപ്പാലിറ്റി/കോർപ്പറേഷനെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ

1. നിലവിലുള്ള വാർഡുകളുടെ എണ്ണം
2. നിലവിലുള്ള സംവരണ വാർഡുകളുടെ വിവരം

| | വാർഡിന്റെ എണ്ണം | വാർഡിന്റെ നമ്പരും പേരും |
|---|---|---|
| (1) സ്ത്രീ സംവരണം | | |
| (2) പട്ടികജാതി സ്ത്രീ സംവരണം | | |
| (3) പട്ടികവർഗ്ഗ സ്ത്രീ സംവരണം | | |
| (4) പട്ടികജാതി സംവരണം | | |
| (5) പട്ടികവർഗ്ഗ സംവരണം | | |

3. ജനസംഖ്യ (2011 സെൻസസ് പ്രകാരം)

| | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| (1) ആകെ ജനസംഖ്യ | | | |
| (2) പട്ടികജാതി | | | |
| (3) പട്ടികവർഗ്ഗം | | | |

4. ഇപ്പോൾ പുതുക്കി നിശ്ചയിച്ചിട്ടുള്ള വാർഡുകളുടെ എണ്ണം
5. മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ നിലവിലുള്ള ആകെ വാസഗൃഹങ്ങളുടെ എണ്ണം
6. ഒരു വാർഡിലെ ശരാശരി ജനസംഖ്യ :
7. മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ അദ്ധ്യക്ഷ സ്ഥാനം നിലവിൽ സംവരണം ചെയ്യപ്പെട്ടിരുന്നതാണോ? :
(സ്ത്രീ സംവരണം, പട്ടികജാതി സംവരണം,
പട്ടികവർഗ്ഗ സംവരണം എന്നിവയിൽ ഏതെന്ന് വ്യക്തമാക്കുക)

സ്ഥലം :
തീയതി :

ഒപ്പ് :
പേര് :
സെക്രട്ടറി
.......................... മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ

(ആഫീസ് മുദ്ര)

## അനുബന്ധം – 2

### ............................. മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ വാർഡു വിഭജന റിപ്പോർട്ട്

1. നിർദ്ദിഷ്ട വാർഡിന്റെ നമ്പരും പേരും :

2. ഒരു വാർഡിലെ ശരാശരി ജനസംഖ്യ :

3. നിർദ്ദിഷ്ട വാർഡിൽ ഉൾക്കൊള്ളുന്ന കെട്ടിടങ്ങളുടെ
   നിലവിലുള്ള നമ്പരുകൾ :

4. നിർദ്ദിഷ്ട വാർഡിൽ ഉൾക്കൊള്ളുന്ന
   വാസഗൃഹങ്ങളുടെ എണ്ണം

5. അതിരുകൾ :
   - വടക്ക്
   - കിഴക്ക്
   - തെക്ക്
   - പടിഞ്ഞാറ്

6. നിർദ്ദിഷ്ട വാർഡിൽ തിട്ടപ്പെടുത്തിയ ജനസംഖ്യ*:

7. തിട്ടപ്പെടുത്തിയ ജനസംഖ്യയും നഗരസഭയിലെ ഒരു വാർഡിലെ
   ശരാശരി ജനസംഖ്യയുമായുള്ള വ്യത്യാസം ..........ശതമാനം
   കൂടുതൽ/കുറവ്

8. വ്യത്യാസം 10 ശതമാനത്തിൽ കൂടുതലോ കുറവോ ആണെങ്കിൽ അതിനുള്ള
   കാരണങ്ങൾ

സ്ഥലം : ഒപ്പ്:

തീയതി : പേര് :

സെക്രട്ടറി

............................. മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ

(ആഫീസ് മുദ്ര)

* അനുബന്ധം 6 കാണുക

## അനുബന്ധം – 3

## സർട്ടിഫിക്കറ്റ്

………………………………… മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ വാർഡ് പുനർ വിഭജന നിർദ്ദേശങ്ങളിൽ നിന്നും ഈ മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ യാതൊരു ഭാഗവും വിട്ടുകളഞ്ഞിട്ടില്ലെന്നും സമീപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു ഭാഗവും ഉൾപ്പെടുത്തിയിട്ടില്ലെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :　　　　　　　　ഒപ്പ്:

തീയതി :　　　　　　　　പേര് :

സെക്രട്ടറി

…………………… മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ

(ആഫീസ് മുദ്ര)

## അനുബന്ധം – 4

## വാർഡ് വിഭജന പട്ടിക

## …………………………………… മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ

| വാർഡിന്റെ നമ്പരും പേരും | | തിട്ടപ്പെടുത്തിയ ജനസംഖ്യ | അതിർത്തികൾ | | | |
|---|---|---|---|---|---|---|
| | | | വടക്ക് | കിഴക്ക് | തെക്ക് | പടിഞ്ഞാറ് |
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | | | | | | |
| 2 | | | | | | |
| …. | | | | | | |

സെക്രട്ടറി

സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷനുവേണ്ടി

## അനുബന്ധം 5

### നിലവിലുള്ള വാർഡിലെ കെട്ടിടങ്ങൾ നിർദ്ദിഷ്ട വാർഡുകളിൽ ഉൾപ്പെടുത്തിയതു സംബന്ധിച്ച പട്ടിക

**.................. മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ**

| നിലവിലുള്ള വാർഡ് നമ്പരും പേരും | | നിലവിലുള്ള കെട്ടിടങ്ങളുടെ വിവരം | | | കെട്ടിടങ്ങൾ ഉൾപ്പെടുത്തിയ നിർദ്ദിഷ്ട വാർഡുകളുടെ വിവരം | | | | |
|---|---|---|---|---|---|---|---|---|---|
| | | കെട്ടിടങ്ങളുടെ നമ്പർ | കെട്ടിടങ്ങളുടെ ആകെ എണ്ണം | വാസഗൃഹങ്ങളുടെ എണ്ണം | നിർദ്ദിഷ്ട വാർഡ് നം. | ഉൾപ്പെടുത്തിയ കെട്ടിടങ്ങളുടെ നമ്പർ | | കെട്ടിടങ്ങളുടെ എണ്ണം | വാസഗൃഹങ്ങളുടെ എണ്ണം |
| | | | | | | മുതൽ | വരെ | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
| 1 | | ...... മുതൽ ..... വരെ | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| 2 | | ...... മുതൽ ..... വരെ | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| ..... | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

## അനുബന്ധം 6

### നിർദ്ദിഷ്ട വാർഡിലെ തിട്ടപ്പെടുത്തിയ ജനസംഖ്യ കണക്കാക്കുന്ന വിധം

നഗരസഭയിലെ 2011 സെൻസസ് പ്രകാരമുള്ള ആകെ ജനസംഖ്യയെ നിലവിലുള്ള ആകെ വാസഗൃഹങ്ങളുടെ എണ്ണം കൊണ്ട് ഹരിച്ച് ഒരു വീട്ടിലുള്ള ശരാശരി ജനസംഖ്യ കണ്ടുപിടിക്കണം. ഇപ്രകാരം കണ്ടെത്തിയ ശരാശരി ജനസംഖ്യയെ നിർദ്ദിഷ്ട വാർഡിൽ ഉൾപ്പെടുന്ന വാസഗൃഹങ്ങളുടെ എണ്ണം കൊണ്ട് ഗുണിച്ചാൽ കിട്ടുന്നതായിരിക്കും നിർദ്ദിഷ്ട വാർഡിലെ തിട്ടപ്പെടുത്തിയ ജനസംഖ്യ.

**ഉദാഹരണം**

| | | |
|---|---|---|
| 1 | നഗരസഭയിലെ ആകെജനസംഖ്യ(2011 ലെ സെൻസസ് പ്രകാരം) | 46903 |
| 2 | നഗരസഭയിൽ നിലവിലുള്ള ആകെ വാസഗൃഹങ്ങളുടെ എണ്ണം | 10285 |
| 3 | ഒരുവാസഗൃഹത്തിലെ ശരാശരി ആളുകളുടെ എണ്ണം | 46903/10285 = 4.56 |
| 4 | നിർദ്ദിഷ്ട വാർഡിൽ ഉൾപ്പെടുന്ന ആകെ വാസഗൃഹങ്ങളുടെ എണ്ണം | 322 |
| 5 | നിർദ്ദിഷ്ട വാർഡിലെ തിട്ടപ്പെടുത്തിയ ജനസംഖ്യ | 4.56 x 322 = 1468 |